# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3318.** **09.04.2013 – ലെ മറുപടിക്ക്.**

## ഹയർസെക്കന്ററി സ്കൂളുകളിൽ ആന്ത്രപ്പോളജി പഠനവിഷയമാക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.റ്റി.വി.രാജേഷ് | | ശ്രീ. പി. കെ. അബ്ദുറബ്ബ്.<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | ഹയർ സെക്കന്ററി കോഴ്സുകളിൽ ആന്ത്രപ്പോളജി (നരവംശശാസ്ത്രം) ഉൾപ്പെടുന്ന കോമ്പിനേഷൻ എത്ര വിദ്യാലയങ്ങളിലാണുള്ളത്; ആന്ത്രപ്പോളജി പഠിപ്പിക്കുന്ന എത്ര ജൂനിയർ, സീനിയർ അദ്ധ്യാപകരാണുള്ളത്; | (എ) | 12 വിദ്യാലയങ്ങളിൽ.<br>ജൂനിയർ അദ്ധ്യാപകർ-ഇല്ല,<br>സീനിയർ അദ്ധ്യാപകർ-10. |
| (ബി) | ആന്ത്രപ്പോളജിയിൽ ബിരുദാനന്തര ബിരുദവും ഡോക്ടറേറ്റും നേടിയ ഉദ്യോഗാർത്ഥികൾക്ക് കേരളത്തിൽ ഏതൊക്കെ മേഖലയിലാണ് തൊഴിൽ അവസരങ്ങളുള്ളത്; | (ബി) | ആന്ത്രപ്പോളജിയിൽ 50% മാർക്കിൽ കുറയാതെയുള്ള ബിരുദാനന്തര ബിരുദവും BEd ഉം SETഉം പാസായവർക്ക് ഹയർ സെക്കന്ററി തലത്തിൽ അദ്ധ്യാപകരാവാനുള്ള അവസരം ഉണ്ട് . BEd ഇല്ലാത്തവരുടെ അഭാവത്തിൽ PG യും SETഉം ഉള്ളവരെ പരിഗണിക്കും. എന്നാൽ ഇത്തരം അദ്ധ്യാപകർ സ്വന്തം ചെലവിൽ 5 വർഷത്തിനുള്ളിൽ BEd യോഗ്യത നേടിയിരിക്കണം. |

| | | | |
|---|---|---|---|
| (സി) | ആന്ത്രപ്പോളജിയിൽ ബിരുദമുള്ള ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ അവസരങ്ങൾ കുറവായതിനാൽ കൂടുതൽ ഹയർസെക്കന്ററി സ്കൂളുകളിൽ ഇതുമായി ബന്ധപ്പെട്ട കോമ്പിനേഷൻ പാഠ്യവിഷയമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.